EWS വായ്പ

214 (2246) ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദുർബല വിഭാഗങ്ങൾക്കുവേണ്ടിയുള്ള പദ്ധതി പ്രകാരം ഭവന നിർമ്മാണ ബോർഡിൽ നിന്നും EWS വായ്പ തൃശ്ശൂർ ജില്ലയിൽ എത്ര പേർക്ക് അനുവദിച്ചിട്ടുണ്ട് എന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത വായ്പ എടുത്തവർ കുടിശ്ശിക വരുത്തിയ വകയിൽ എത്ര തുക എഴുതിത്തള്ളിയെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(ബി) തൃശ്ശൂർ ജില്ലയിൽ 2495 വായ്പക്കാർക്കായി 11.29 കോടി രൂപ എഴുതിത്തള്ളിയിട്ടുണ്ട്.

ചാലക്കുടിയിൽ ഹൗസിംഗ് ബോർഡിന്റെ ഷോപ്പിംഗ് കോംപ്ലക്സ്

215 (2247) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടിയിൽ ഹൗസിംഗ് ബോർഡിന്റെ കോളനിയോട് ചേർന്ന് എത്ര സ്ഥലം വെറുതെ കിടക്കുന്നുണ്ട് ;

(ബി) ഈ സ്ഥലത്ത് ഷോപ്പിംഗ് കോംപ്ലക്സ് പണിയുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(സി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് എന്നത്തേക്ക് ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണം ആരംഭിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ചാലക്കുടിയിൽ ഭവനനിർമ്മാണ ബോർഡ് നടപ്പിലാക്കിയിട്ടുള്ള ഭവന നിർമ്മാണ പദ്ധതി പ്രദേശത്ത് 60.72 സെന്റ് ഭൂമി കമേഴ്സ്യൽ ഏരിയയായി മാറ്റി ഇട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സ്ഥലത്ത് ഒരു 3 നില കമേഴ്സ്യൽ കോംപ്ലക്സ്, PPP mode-ൽ Build-Share-Transfer/BOT വ്യവസ്ഥയിൽ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിരുന്നെങ്കിലും ബിൽഡറിനെ കണ്ടെത്തുന്നതിനായി ബോർഡ് 3 തവണ നൽകിയ നോട്ടിഫിക്കേഷന് ആരും Bid സമർപ്പിക്കാത്തതു കാരണം പദ്ധതി നടപ്പിലാക്കാൻ സാധിച്ചില്ല.

(സി) ചാലക്കുടി പദ്ധതിക്ക് അനുയോജ്യനായ ബിൽഡറിനെ കണ്ടെത്തുന്നതിനായി വീണ്ടും നോട്ടിഫിക്കേഷൻ പരസ്യപ്പെടുത്തുന്നതാണ്. ബിൽഡറെ കണ്ടെത്തിയാലുടനെ തന്നെ നടപടിക്രമങ്ങൾ പൂർത്തിയാക്കി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

കലവറ

216 (2248) ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വീട് പണിക്ക് ആവശ്യമായ സാധനങ്ങൾ ലഭിക്കുന്നതിനുവേണ്ടി മലപ്പുറം ജില്ലയിൽ 'കലവറ' യുടെ ഏതെങ്കിലും കേന്ദ്രം പ്രവർത്തിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം പ്രദേശങ്ങളിലാണ് ഇത് പ്രവർത്തിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(സി) പുതുതായി ഏതെങ്കിലും കേന്ദ്രം ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ജില്ലാ നിർമ്മിതി കേന്ദ്രത്തിന്റെ കീഴിൽ മലപ്പുറത്ത് കളക്ട്രേറ്റിനകത്തുള്ള ജില്ലാ നിർമ്മിതി കേന്ദ്രയുടെ പരിസരത്ത് ആണ് കലവറ പ്രവർത്തിക്കുന്നത്.

(സി) ഈ സാമ്പത്തികവർഷം പുതിയ കലവറ കേന്ദ്രം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly